(സി) കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി പഞ്ചായത്ത് ഹയർ സെക്കണ്ടറി സ്കൂളിൽ 1998 മുതൽ സർവീസിലുള്ള അദ്ധ്യാപകരെ പ്രോവിഡന്റ് ഫണ്ട് സ്കീമിൽ കൊണ്ടുവന്നിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇവരെ അടിയന്തിരമായി പ്രോവിഡന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്കീമിന് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ സ്കീം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) സ്കീം നിലവിൽവരുന്ന തീയതി മുതലേ ഇതിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ.

(സി & ഡി) സ്കീം നിലവിൽ വന്നിട്ടില്ലാത്ത സാഹചര്യത്തിൽ ഹയർ സെക്കണ്ടറി അദ്ധ്യാപകരായി നേരിട്ടു നിയമനം ലഭിച്ച ആരേയും പ്രോവിഡന്റ് ഫണ്ട് സ്കീമിൽ കൊണ്ടുവന്നിട്ടില്ല.

ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രവേശനത്തിന് പുതുക്കി നിശ്ചയിച്ച മാനദണ്ഡം

103 (2043) ഡോ. തോമസ് ഐസക് :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രവേശനത്തിന്റെ മാനദണ്ഡം ഈ വർഷം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന സ്കൂളുകളിൽ മെറിറ്റ് വിഭാഗത്തിൽ എത്ര ശതമാനം കുട്ടികൾക്കാണ് പ്രവേശനം ലഭിക്കുക ; ഇതിൽ ഓരോരോ വിഭാഗത്തിനുമുള്ള സംവരണം എത്ര ;

(സി) ന്യൂനപക്ഷ പദവി ഇല്ലാത്ത ഹയർ സെക്കന്ററി സ്കൂളുകളിൽ മാനേജ്മെന്റ് കോട്ട എത്ര ; ഓരോ വിഭാഗത്തിനും ഉള്ള സംവരണ കോട്ട എത്ര എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. ജി.ഒ. (എം.എസ്.) 164/2003/പൊ.വി. തീയതി 17-6-2003 പ്രകാരം ഹയർ സെക്കന്ററി സ്കൂൾ പ്രവേശനത്തിന് സംവരണത്തിനുള്ള മാനദണ്ഡം സംബന്ധിച്ച് മാറ്റം വരുത്തിയിട്ടുണ്ട്.

ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിൽ മെറിറ്റ് വിഭാഗത്തിൽ 52 ശതമാനം സീറ്റുകൾ മാറ്റി വച്ചിട്ടുണ്ട്. കൂടാതെ 5 ശതമാനം സീറ്റുകൾ

LIBRARY ARCHIVES Kerala Legislative Assembly

സ്പോർട്ട്സിൽ പ്രാഗത്ഭ്യമുള്ളവർക്ക്വേണ്ടിയും 3 ശതമാനം ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയും നീക്കി വച്ചിട്ടുണ്ട്. ശാരീരിക വൈകല്യമുള്ളവർക്ക് സംവരണം ചെയ്തിട്ടുള്ള 3% സീറ്റുകളിൽ 1% അന്ധർക്ക് വേണ്ടി മാത്രമുള്ളതാണ്. 20% സീറ്റുകൾ മറ്റ് പിന്നോക്ക സമുദായങ്ങൾക്കായി നീക്കി വച്ചിട്ടുണ്ട്. (ഇവ ഇപ്രകാരമാണ്.)

ഈഴവ	- 8%
മുസ്ലീം	- 7 ശതമാനം
ലാറ്റിൻ/എസ്.ഐ.യു.സി.	- 1 ശതമാനം
മറ്റ് പിന്നോക്ക ക്രൈസ്തവ സമുദായം	- 1 ശതമാനം
മറ്റ് പിന്നോക്ക ഹിന്ദുക്കൾ	- 3 ശതമാനം

12 ശതമാനം സീറ്റുകൾ പട്ടികജാതി വിഭാഗങ്ങൾക്കും 8 ശതമാനം സീറ്റുകൾ പട്ടിക വർഗ്ഗക്കാർക്കും മാറ്റി വച്ചിട്ടുണ്ട്.

ന്യൂനപക്ഷ സമുദായങ്ങൾ/പിന്നോക്ക വിഭാഗങ്ങൾ നടത്തുന്ന സ്കൂളുകളിൽ മെറിറ്റ് വിഭാഗത്തിൽ 40 ശതമാനം സീറ്റുകൾ മാറ്റിവച്ചിട്ടുണ്ട്. ഇതിൽ 5 ശതമാനം സ്പോർട്ട്സിൽ പ്രാഗത്ഭ്യമുള്ളവർക്ക് വേണ്ടിയും 3 ശതമാനം ശാരീരിക വൈകല്യമുള്ളവർക്കുവേണ്ടിയും നീക്കി വച്ചിട്ടുണ്ട്. ഈ സ്കൂളുകളിൽ 40 ശതമാനം സീറ്റുകൾ മാനേജ്മെന്റ് കോട്ടയും 12 ശതമാനം സീറ്റുകൾ പട്ടികജാതി വിഭാഗങ്ങൾക്കായും 8 ശതമാനം സീറ്റുകൾ പട്ടിക വർഗ്ഗക്കാർക്കായും നീക്കി വച്ചിട്ടുണ്ട്.

ന്യൂനപക്ഷ സമുദായങ്ങൾ അല്ലാത്തവർ നടത്തുന്ന സ്കൂളുകളിൽ മെറിറ്റ് വിഭാഗത്തിൽ 50 ശതമാനം സീറ്റുകൾ മാറ്റി വച്ചിട്ടുണ്ട്. ഇതിൽ 5% സീറ്റുകൾ സ്പോർട്സിൽ പ്രാഗത്ഭ്യമുള്ളവർക്കുവേണ്ടിയും 3 ശതമാനം സീറ്റുകൾ ശാരീരിക വൈകല്യമുള്ളവർക്കുവേണ്ടിയും നീക്കി വച്ചിട്ടുണ്ട്. 30 ശതമാനമാണ് മാനേജ്മെന്റ് കോട്ട. 12 ശതമാനം സീറ്റുകൾ പട്ടികജാതി വിഭാഗങ്ങൾക്കായും 8 ശതമാനം സീറ്റുകൾ പട്ടികവർഗ്ഗക്കാർക്കായും നീക്കി വച്ചിട്ടുണ്ട്.

ഏറ്റവും കൂടുതൽ പ്ലസ് ടു കോഴ്സ് അനുവദിച്ച നിയോജകമണ്ഡലം

104 (2044) ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ഏറ്റവും കൂടുതൽ പ്ലസ് ടു കോഴ്സ് അനുവദിച്ചത് ഏത് നിയോജക മണ്ഡലത്തിലായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly